ഉത്തരം

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. III-ൽ ഉൾപ്പെടുത്തി അനുവദിച്ച എരിക്കുളം-പട്ടിപ്പറമ്പ് റോഡ്, പൊട്ടൻകോട്-പോട്ട കോളനി റോഡ് എന്നിവ 2001-02-ൽ പൂർത്തീകരിച്ചു. ആർ.ഐ.ഡി.എഫ്. VI-ൽ ഉൾപ്പെട്ട 34.54 ലക്ഷം രൂപ അടങ്കലുള്ള പറക്കാട്-മെതുക് റോഡിന്റെ പണിയും പൂർത്തിയായിട്ടുണ്ട്. 2002-03-ൽ യഥാക്രമം 34.85 ലക്ഷം രൂപ, 27.39 ലക്ഷം രൂപ അടങ്കലുള്ള പുലക്കോട്-അടക്കോട്, ചീരക്കുഴി-മിച്ചഭൂമി എന്നീ പദ്ധതികൾ അനുവദിച്ചിരുന്നു. ടി പദ്ധതികളുടെ പണി പുരോഗമിച്ചു വരുന്നു. 2003-04-ൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

(ബി) 2004-05 വർഷത്തിൽ 31.28 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള മെതുക്കമായന്നൂർ റോഡ് പണിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പണിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ഇല്ല.

ഗ്രാമവികസന വകുപ്പ് ഏറ്റെടുത്ത റോഡുകൾ

89 [3976] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തനം തുടങ്ങിയ റോഡുകൾ എത്ര;

(ബി) ഗ്രാമവികസന വകുപ്പ് വഴി ഏറ്റെടുത്ത് നിർമ്മിക്കുന്ന റോഡുകൾ എത്ര; ഏതെല്ലാം;

(സി) ഇത് എന്നത്തേക്ക് പൂർത്തിയാകും;

(ഡി) തീരുമാനമെടുത്തശേഷം പൂർത്തിയാകാത്ത റോഡുകളുണ്ടോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചുവരുന്നു.

വി. ഇ. ഒ. മാരെ റഗുലറൈസ് ചെയ്യാൻ നടപടി

90 [3977] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ ആയി ഏതു വർഷം വരെ ജോലിയിൽ പ്രവേശിച്ചവരെ റഗുലറൈസ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇനി റഗുലറൈസ് ചെയ്യാൻ എത്രപേർ ബാക്കിയുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇവരെ റഗുലറൈസ് ചെയ്യുന്നതിനുള്ള തടസ്സം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2004 ഡിസംബർ 31 വരെ ജോലിയിൽ പ്രവേശിച്ചവരെ എന്നത്തേക്ക് റഗുലറൈസ് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചുവരുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാരുടെ സീനിയോറിറ്റി

91 [3978] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ തസ്തികയിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു വർഷം വരെ ജോലിയിൽ പ്രവേശിച്ചവരുടെ പേരാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; പകർപ്പ് ലഭ്യമാക്കാമോ;

(സി) ബാക്കിയുള്ളവരുടെ പേര് ഉൾപ്പെടുത്താനുള്ള കാലതാമസം എന്താണെന്നു വ്യക്തമാക്കുമോ;

(ഡി) ഇതിൽ എത്രാം നമ്പർ വരെയുള്ളവർക്ക് പ്രൊമോഷൻ നൽകിക്കഴിഞ്ഞു;

(ഇ) പ്രൊമോഷനുള്ള മാനദണ്ഡം എന്താണെന്നു വ്യക്തമാക്കാമോ;

(എഫ്) അർഹരായവർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31-5-1998 വരെ ജോലിയിൽ പ്രവേശിച്ചവരുടെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസുകൾമൂലമാണ് കാലതാമസം ഉണ്ടായത്. 31-5-1998-നുശേഷം സർവ്വീസിൽ പ്രവേശിച്ചവരെ ഉൾപ്പെടുത്തി പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച് ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 1230-ാം നമ്പർ വരെ.

(ഇ) സർവ്വീസ് റഗുലറൈസ് ചെയ്തിട്ടുള്ളതും മൂന്നു വർഷം സർവ്വീസിൽ രണ്ടു വർഷം സർവ്വീസ് തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ളതുമായ റി. ഇ. ഒ. മാർക്ക് സർവ്വീസ് സീനിയോറിറ്റി കണക്കിലെടുത്ത് 1:1 അനുപാതത്തിൽ ഗ്രേഡ്-1 ആയി പ്രൊമോഷൻ നൽകുന്നുണ്ട്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/257/2012.—17

LIBRARY ARCHIVES Kerala Legislative Assembly